# Kerala Hotel & Restaurant Association

**STATE COMMITTEE**

2nd Floor, KHRA Bhavan, MG Road, Ernakulam, Ph: 0484-2366602

സംസ്ഥാനതലവാർത്ത

30.12.2021

## പ്രസ്സ് റിലീസ്

## കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന കൺവെൻഷൻ

കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷന്റെ 57-ാം സംസ്ഥാന കൺവെൻഷൻ എറണാകുളം ടൗൺഹാളിൽ നടന്നു. പൊതുസമ്മേളനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. വി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. വിവിധ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിച്ചു. സർവീസ് എക്സലൻസി പുരസ്ക്കാര വിതരണം ഹൈബി ഈഡൻ എം.പി.യും വിവിധ മേഖലയിൽ കഴിവ് തെളിയിച്ചവരെ എം.എൽ.എമാരായ ടി. ജെ. വിനോദും, കെ.ജെ. മാക്സിയും പുരസ്കാരം നൽകി അനുമോദിച്ചു. കെ.എച്ച്.ആർ.എ. ആരംഭിച്ച റിലീഫ് ഫണ്ടിന്റെ ഉദ്ഘാടനം തമിഴ്നാട് ഹോട്ടൽ അസോസിയേഷൻ പ്രസിഡന്റ് വെങ്കിടസുബ്ബുവും, കെ.എച്ച്.ആർ.എ. അംഗങ്ങൾക്കുള്ള ആസ്റ്റർ മെഡിസിറ്റി പ്രിവിലേജ് കാർഡ് വിതരണം ആസ്റ്റർ മെഡിസിറ്റി സി.ഇ.ഒ. അമ്പിളി വിജയരാഘവനും നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് മൊയ്തീൻകുട്ടി ഹാജി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രക്ഷാധികാരി ജി. സുധീഷ്കുമാർ മുഖ്യപ്രഭാഷണവും, മിൽമ ചെയർമാൻ മണി കെ.എസ്., പാരിസൺ എം.ഡി. മുഹമ്മദലി, റെസോയ് ഫുഡ് ഡെലിവറി ആപ്പ് ചെയർമാൻ സെയ്ദ് ജമാൽ, മാബ്ടെക് കിച്ചൺ എക്യുപ്മെന്റ്സ് എം.ഡി. ഇഖ്ബാൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി ജി. ജയപാൽ സ്വാഗതവും, ട്രഷറർ കെ. പി. ബാലകൃഷ്ണ പൊതുവാൾ നന്ദിയും രേഖപ്പെടുത്തി.

**മൊയ്തീൻകുട്ടി ഹാജി**
പ്രസിഡന്റ്
9605400700

**ജി. ജയപാൽ**
ജനറൽ സെക്രട്ടറി
9544844446